## <u>ബൈക്ക് മോഷ്ടാക്കൾ പിടിയിൽ</u>.

അലുവ മെട്രോ സ്റ്റേഷനു സമീപം പാർക്ക് ചെയ്തിരുന്ന ബൈക്ക് മോഷ്ടിച്ച കേസിൽ രണ്ടു പേരെ ആലുവ പോലീസ് അറസ്റ്റ് ചെയ്തു. ഞാറക്കൽ പുളിക്കത്തൊണ്ടിൽ വീട്ടിൽ അലക്സ് ദേവസി (25), പൂയപ്പിള്ളി, തച്ചപ്പിള്ളി വീട്ടിൽ യദുകൃഷ്ണൻ ( ഉണ്ണിക്കുട്ടൻ 23) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ഒക്ടോബറിലാണ് ഇവർ ബൈക്ക് മോഷ്ടിച്ചത്. തുടർന്ന് യഥാർത്ഥ നമ്പർ പ്ലേറ്റ് മാറ്റി വ്യാജനമ്പർ വച്ച് വാഹനം ഉപയോഗിച്ച് വരികയായിരുന്നു. ഇവരുടെ പേരിൽ മുനമ്പം, പറവൂർ, ആലുവ സ്റ്റേഷനുകളിൽ മോഷണക്കേസുകൾ ഉണ്ട്. സബ് ഇൻസ്പെക്ടർമാരായ വിനോദ് ആർ , ടോമി കെ.ബി, സി.പി.ഒ മാരായ പ്രീത.ഇ.ആർ, ബിനോജ് ഗോപാലകൃഷ്ണൻ എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.